# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1947. 08.12.2014-ൽ മറുപടിയ്ക്ക്.

### സ്റ്റേറ്റ് സിവിൽ സർവ്വീസ്

| ചോദ്യം<br>ശ്രീ.വി.ശശി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനായി 24.09.2013-ലെ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ സാരാംശം വെളിപ്പെടുത്തുമോ; കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ സർവ്വീസിലേയ്ക്ക് പ്രായപരിധി യില്ലാതെ യോഗ്യരായ എല്ലാ ജീവനക്കാർക്കും ടെസ്റ്റിന്റേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ നിയമനം ലഭിക്കാനുള്ള സാഹചര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എം.എസ്) നം.228/14/പൊ.ഭ.) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല. |
| (സി) | കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ തീരുമാനങ്ങൾ വെളിപ്പെടുത്തുമോ? | (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിരുന്നു. യോഗത്തിൽ പ്രത്യേകം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്